# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 21.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബഹിരാകാശ സാങ്കേതികവിദ്യയുടെ ഉപയോഗം വ്യാപിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi called for expanding the use of space technology to improve people's quality of life.**

2. ഇന്ത്യൻ നാവികരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും കേന്ദ്ര സർക്കാർ വലിയ മുൻഗണന നൽകുന്നുണ്ടെന്ന് വിദേശകാര്യമന്ത്രാലയം.

   **The Ministry of External Affairs said that the Union Government gives high priority to the welfare and safety of Indian seafarers.**

3. മൊബൈൽ ഫോൺ നിർമ്മാണ മേഖലയ്ക്ക് കരുത്തേകുന്ന 'മൊബൈൽ ഫോൺ മാനുഫാക്ചറിംഗ് സ്കീം' കേന്ദ്ര ഇലക്ട്രോണിക്സ്, ഐ ടി മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടനം ചെയ്തു.

   **Union Minister for Electronics and IT Ashwini Vaishnaw launched the 'Mobile Phone Manufacturing Scheme' to boost the mobile phone manufacturing sector.**

4. നിയമ ബിരുദധാരികൾക്ക് ജുഡീഷ്യൽ സർവീസ് പ്രവേശന പരീക്ഷകളിൽ പങ്കെടുക്കാനുള്ള നിർബന്ധിത പ്രാക്ടീസ് കാലപരിധി മൂന്ന് വർഷത്തിൽ നിന്ന് ഒരുവർഷമായി കുറച്ച് സുപ്രീംകോടതി.

   **The Supreme Court has reduced the mandatory legal practice requirement for law graduates appearing in judicial service entrance examinations from three years to one year.**

5. ഓണത്തെ വരവേൽക്കാൻ ഒരുങ്ങി മലയാളികൾ. അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഉൾപ്പടെ കർശന ജാഗ്രത.

   **Keralites prepare to welcome Onam; Strict vigil maintained, including at border checkposts.**

6. **FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം നെതർലൻഡ്സിനെ നേരിടുന്നു.**

**The Indian women's team faces the Netherlands in the FIH Hockey World Cup.**

****************************

## PM-CEO MEETING

ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബഹിരാകാശ സാങ്കേതികവിദ്യയുടെ ഉപയോഗം വ്യാപിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . ന്യൂഡൽഹിയിൽ ഇരുപതോളം ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുമായും സ്ഥാപകരുമായും കൂടിക്കാഴ്ച നടത്തുകയായിരുന്നു പ്രധാനമന്ത്രി . രാജ്യത്തെ ബഹിരാകാശ മേഖലയ്ക്ക് ആഗോള പ്രതിഭകളെയും കമ്പനികളെയും നിക്ഷേപങ്ങളെയും ആകർഷിക്കാൻ കഴിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

****************************

## DAY WB-AMIT SHAH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പശ്ചിമ ബംഗാളിൽ എത്തി.സിലിഗുരിയിലെത്തിയ അദ്ദേഹം സശസ്ത്ര സീമ ബൽ ആസ്ഥാനത്ത് 189 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും വിവിധ പദ്ധതികളുടെ തറക്കല്ലിടലും നിർവ്വഹിച്ചു. അതിർത്തി സുരക്ഷയ്ക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ പരമോന്നത മുൻഗണന നൽകിയിട്ടുണ്ടെന്ന് ആഭ്യന്തരമന്ത്രി വ്യക്തമാക്കി.

****************************

## VAISHNAW- MPMS (INTRO)

മൊബൈൽ ഫോൺ നിർമ്മാണ മേഖലയ്ക്ക് കരുത്തേകുന്ന 'മൊബൈൽ ഫോൺ മാനുഫാക്ചറിംഗ് സ്കീം' കേന്ദ്ര ഇലക്ട്രോണിക്സ്, ഐ ടി മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്ഘാടനം

ചെയ്യു. തദ്ദേശീയ മൊബൈൽ ബ്രാൻഡുകളെ വളർത്തിയെടുക്കുന്നതിനൊപ്പം ആഗോള വിപണിയിൽ ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കാനും രാജ്യത്ത് വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി സഹായകമായതായി അദ്ദേഹം പറഞ്ഞു.

(VOICE)

*****************************

## SC – LEGAL PRACTICE

നിയമ ബിരുദധാരികൾക്ക് ജുഡീഷ്യൽ സർവീസ് പ്രവേശന പരീക്ഷകളിൽ പങ്കെടുക്കാനുള്ള നിർബന്ധിത പ്രാക്ടീസ് കാലപരിധി മൂന്ന് വർഷത്തിൽ നിന്ന് ഒരുവർഷമായി കുറച്ച് സുപ്രീംകോടതി. ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്, ജസ്റ്റിസ് എ.ജി. മസിഹ്, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് വിധി. 2025 മേയ് 25 നും 2027 മാർച്ച് 31 നും ഇടയിൽ വിജ്ഞാപനം ചെയ്യുന്ന പരീക്ഷകൾക്ക് പ്രവൃത്തിപരിചയം ഇല്ലാത്തവർക്കും അപേക്ഷിക്കാം.

*****************************

## MEA-BRIEFING (intro)

ഇന്ത്യൻ നാവികരുടെയും കപ്പൽ ജീവനക്കാരുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കും കേന്ദ്ര സർക്കാർ വലിയ മുൻഗണന നൽകുന്നുണ്ടെന്ന് വിദേശകാര്യമന്ത്രാലയം. പശ്ചിമേഷ്യയിലെ സംഭവവികാസങ്ങൾ ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും ആക്രമണം നേരിട്ട കപ്പലുകളിൽ അകപ്പെട്ട ജീവനക്കാരുടെ സുരക്ഷിഉറപ്പാക്കാൻ കേന്ദ്ര സർക്കാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചനടത്തി വരികയാണെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

(വോയ്സ്.....)

*****************************

## JHARKHAND-HC

ജാർഖണ്ഡിൽ വിദ്യാർത്ഥി പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ JSSC-CGL , CDPO പരീക്ഷകളുടെ നിയമനങ്ങൾ റദ്ദാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ഝാർഖണ്ഡ് ഹൈക്കോടതി താത്കാലികമായി സ്റ്റേ ചെയ്തു . ജസ്റ്റിസ് ദീപക് റോഷന്റെ അധ്യക്ഷതയിലുള്ള ബഞ്ചാണ് ഹർജി പരിഗണിച്ചത്. വിഷയത്തിൽ സംസ്ഥാന സർക്കാരിനോടും JPSC യോടും കോടതി വിശദീകരണം തേടിയിട്ടുണ്ട്.

****************************

## ONAM

പൊന്നോണത്തെ വരവേൽക്കാൻ ഒരുങ്ങി മലയാളനാട്. തിരുവോണത്തിന് ഇനി അഞ്ച് നാളുകൾ കൂടി മാത്രം. നാടെങ്ങും ഓണാഘോഷ പരിപാടികൾ ആവേശത്തോടെ തുടരുകയാണ്. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ എല്ലാ മലയാളികൾക്കും ഓണാശംസകൾ നേർന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ മുതൽ ഓണാവധി ആരംഭിക്കും. - ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഓണക്കാലത്ത് ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂർ പരിശോധന നടത്തും. വ്യാജമദ്യം, ലഹരി വസ്തുക്കളുടെ വ്യാപനം എന്നിവ തടയുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളിലും റോഡുകളിലും വാഹന പരിശോധനയും ബോർഡർ പട്രോളിംഗും ശക്തമാക്കി.

****************************

## REV. DAY BRICS-COMM MINISTERS MEET (INTRO)

കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ അധ്യക്ഷതയിൽ 12-ാമത് ബ്രിക്സ് വാർത്താവിനിമയ മന്ത്രിമാരുടെ യോഗം പൂനെയിൽ പുരോഗമിക്കുന്നു. സൈബർ സുരക്ഷ, നൂതന സാങ്കേതികവിദ്യകൾ ഡിജിറ്റൽ രംഗത്തെ സഹകരണം ഉൾപ്പെടെയുള്ള വിഷയങ്ങളാണ് യോഗം ചർച്ച ചെയ്യുന്നത്. ഡിജിറ്റൽ ഇടവേളകൾ ഇല്ലാതാക്കുക, നവീകരണത്തെ

പ്രോത്സാഹിപ്പിക്കുക, ശേഷി വർദ്ധിപ്പിക്കുക, സുസ്ഥിര ഡിജിറ്റൽ പരിവർത്തനം സാധ്യമാക്കുക എന്നിവയിലാണ് ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ശ്രീ ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു. **(വോയ്സ്......)**

ബ്രിക്സ് ടൂറിസം മന്ത്രിമാരുടെ യോഗത്തിനും ജയ്പൂരിൽ ഇന്ന് തുടക്കമായി. രണ്ട് ദിവസത്തെ യോഗത്തിൽ അംഗരാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്.

*****************************

## BRICS – YOUTH MINISTERS

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് ബ്രെക്സ് യുവജനകാര്യ മന്ത്രിമാരുടെയും കായിക മന്ത്രിമാരുടെയും യോഗത്തിന് നാളെ തുടക്കമാകും. യുവജനക്ഷേമ, കായിക മേഖലകളിലെ സഹകരണം ശക്തമാക്കുന്നതിനായി ബ്രെക്സ് അംഗരാജ്യങ്ങളിൽ നിന്നുമുള്ള മന്ത്രിമാരും പ്രതിനിധിസംഘ തലവന്മാരും യോഗങ്ങളിൽ പങ്കെടുക്കും.കേന്ദ്ര യുവജനകാര്യ കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ യോഗങ്ങളിൽ അധ്യക്ഷത വഹിക്കും.

*****************************

## INDIA-BRAZIL MOU

ബ്രെക്സ് വാർത്താവിനിമയ മന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ച് ടെലികമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻസ് ടെക്നോളജി മേഖലകളിലെ സഹകരണം കൂടുതൽ ശക്തമാക്കുന്നതിനായി ഇന്ത്യയും ബ്രസീലും തമ്മിൽ ധാരണയായി. കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയും ബ്രസീൽ മന്ത്രി ഫ്രെഡറിക്കോ ഡി സിക്കെയ്റ ഫിൽഹോയും തമ്മിലാണ് ധാരണാപത്രം ഒപ്പുവെച്ചത്.ഡിജിറ്റൽ നവീകരണത്തിനും ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്താനും പുത്തൻ സാങ്കേതികവിദ്യകളിൽ സഹകരണം വളർത്താനും കരാർ സഹായകമാകുമെന്ന് ടെലികോം വകുപ്പ് സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.

****************************

## NEHRU TROPHY

72-ാമത് നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. നാളെ പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

****************************

## JITENDRA - HEALTHCARE

2030-ഓടെ ഇന്ത്യൻ മെഡ്ടെക് മേഖല 20 ശതകോടി ഡോളറിലെത്തുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. സാങ്കേതിക മുന്നേറ്റങ്ങൾ സാധാരണക്കാർക്ക് താങ്ങാനാവുന്നതും പ്രാപ്യവും ഉയർന്ന ഗുണനിലവാരമുള്ളതുമാണെന്ന് ഉറപ്പാക്കിക്കൊണ്ട് ആരോഗ്യരംഗത്ത് മുന്നേറാൻ ഇന്ത്യക്ക് മികച്ച അവസരമുണ്ടെന്നും അദ്ദേഹം പറഞ്ഞു. 18-ാമത് സി.ഐ.ഐ ഗ്ലോബൽ മെഡ്ടെക് ഉച്ചകോടിയെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

****************************

## DAY HOCKEY- WORLD CUP

FIH ഹോക്കി ലോകകപ്പ് രണ്ടാം പൂൾ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്ന് ഇന്ത്യൻ വനിതാ ടീം നെതർലൻഡ്സിനെ നേരിടുന്നു. . ഇന്നലെ നടന്ന മത്സരത്തിൽ ഇംഗ്ലണ്ടിനെ സമനിലയിൽ തളച്ചാണ് ഇന്ത്യൻ വനിതാ സംഘം രണ്ടാം റൗണ്ടിൽ പ്രവേശിച്ചത് . മത്സരത്തിൻറെ പുതിയ ഫോർമാറ്റ് പ്രകാരം, പൂൾ ഇ യിൽ മികച്ച പ്രകടനം നടത്തുന്ന രണ്ട് ടീമുകൾക്ക് സെമിഫൈനലിന് യോഗ്യത നേടാനാവും.

****************************

## PIB - SCAM

റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര ദൂർദർശന്റെ 'ഡി.ഡി മോർണിംഗ് ഷോ'യിലെ‌ അഭിമുഖത്തിനിടെ ഇറങ്ങിപ്പോയി എന്ന രീതിയിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന പോസ്റ്റുകൾ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ദൂർദർശന്റെ മോർണിംഗ് ഷോയിൽ ആർ.ബി.ഐ ഗവർണർ പങ്കെടുത്തിട്ടില്ലെന്നും സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന ചിത്രങ്ങൾ നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിച്ചവയാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോ വസ്തുതാ പരിശോധന വിഭാഗം വ്യക്തമാക്കി.

****************************

## stock and gold

രാജ്യത്തെ ഓഹരിവിപണികളിൽ ചാഞ്ചാട്ടം . സെൻസെക്സ് 15 പോയിന്റ് താഴ്ന്ന് 77,522 ലും നിഫ്റ്റി 2 പോയിന്റ് നേട്ടത്തിൽ 24,234 ലും വ്യാപാരം അവസാനിച്ചു . സ്വർണ്ണവില കൂടി. പവന് 1680 രൂപ വർധിച്ച് ഒരു ലക്ഷത്തി 18,480 രൂപയും ഗ്രാമിന് 14,810 രൂപയുമാണ് ഇന്നത്തെ വില.

****************************

## PURI-MAURITIUS

ഇന്ത്യ-മൗറീഷ്യസ് ഊർജ്ജ സഹകരണം ശക്തമാക്കുമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി. പരമ്പരാഗത പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് പുറമെ ശുദ്ധ, സുസ്ഥിര ഇന്ധന മേഖലകളിലേക്ക് ഇന്ത്യയും മൗറീഷ്യസും തങ്ങളുടെ ഊർജ്ജ പങ്കാളിത്തം വ്യാപിപ്പിക്കാൻ ഒരുങ്ങുന്നതായി അദ്ദേഹം പറഞ്ഞു. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ഭാവിയിലെ ഊർജ്ജ സുരക്ഷയിലും ഹരിത ഇന്ധനങ്ങളിലുമായിരിക്കും ഇനി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയെന്നും കേന്ദ്ര മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

****************************

## CHENNAI- WATER PROJECT

ചെന്നൈയിൽ കുടിവെള്ള വിതരണവും അടിസ്ഥാനവികസനവും കൂടുതൽ ആധുനികവത്കരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി ചേർന്ന് 230 മില്യൺ ഡോളറിന്റെ വായ്പാ കരാറിൽ ഒപ്പുവെച്ചു. കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കാൻ നഗരത്തെ പ്രാപ്തമാക്കാനും, പൊതുജനാരോഗ്യം, ജീവിതനിലവാരം എന്നിവ മെച്ചപ്പെടുത്താനും പദ്ധതി സഹായകരമാകുമെന്ന് കേന്ദ്രധന മന്ത്രാലയം അറിയിച്ചു.

*************************** ***********************

*********************